ക്രൂശുമേന്തി ഞാൻ വരുന്നെൻ ആശാകേന്ദ്രമാം

ക്രൂശിതൻറെ പാദതാരിൽ ആശ്രു ചേരുവാൻ -2

തൻറെ സ്വന്തജീവനേകി എന്നെ വീണ്ടെടുത്തതാം

പരമനാഥാ, നിനക്കായ് ജീവിച്ചീടും ഞാൻ -2

ആറ്ററികെ ഉദ്യാനം പോൽ, ദൈവം നട്ട ചന്ദനം പോൽ

ജലാന്തികെ മേവുന്നൊരു ദേവദാരു വൃക്ഷം പോൽ

ആത്മാവിൻറെ ജീവനേകും നീരുറവിൻ കരയിലായ്

അർഹതയില്ലാത്തയെന്നെ ചേർത്ത യേശുനായകാ

തൻറെ സ്വന്തജീവനേകി എന്നെ വീണ്ടെടുത്തതാം

ജീവനാഥാ, നിനക്കായ് ജീവിച്ചീടും ഞാൻ - 2

നിൻറെ മധുവാണികളെൻ ക്ഷീണം തീർക്കും പാഥേയം

നിന്നോടുള്ളെൻ ആത്മബന്ധം കാലുകൾക്കു നൽബലം

പുഞ്ചിരിയോടെന്നും നിൻറെ നിന്ദയേറ്റു ഞാനിനി

പാളയത്തിനപ്പുറം നിൻ സന്നിധാനമണയട്ടെ

തൻറെ സ്വന്തജീവനേകി എന്നെ വീണ്ടെടുത്തതാം

സ്നേഹനാഥാ, നിനക്കായ് ജീവിച്ചീടും ഞാൻ -2 ക്രൂശുമേന്തി....

Krooshumenthi njan varunnen ashakendramam

krooshithante pathatharil ashu cheruvan

thante swanthajeevaneki enne vendeduthatham

paramanatha ninakkaay jeevicheedum njan

aattarike udyanam pol daivam natta chandanam pol

jalanthike mevunnoru devadaaru vriksham pol

athmavinte jeevanekum neeruravin karayilaay

arhathayillathayenne chertha yeshunayaka

thante swanthajeevaneki enne vendeduthatham

jeevanatha ninakkaay jeevicheedum njan

ninte madhuvanikalen kshenam theerkkum patheyam

ninnodullen athmabandham kalukalkku nalbalam

punjchiriyodennum ninte ninnayettu njanini

palayathinappuram nin sannidhanamanayatte

thante swanthajeevaneki enne vendeduthatham

snehanatha ninakkaay jeevicheedum njan

krooshumenthi...